## കേരള സർക്കാർ

**സംഗ്രഹം**

പ്രിസം - വനിത ശിശു വികസന വകുപ്പിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ സ്വീകർത്തിത അധികാരി (RA), പെൻഷൻ അനുവദിക്കുന്ന അധികാരി (PSA) എന്നിങ്ങനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പ്രിസം) വകുപ്പ്**

**സ.ഉ(സാധാ)നം.6264/2020/ധന** **തിരുവനന്തപുരം, തീയതി, 03/11/2020**

---

പരാമർശം - 1. സ.ഉ(അ)നം.179/2016/ധന. തീയതി 10.12.2016.
2. 12.10.2020-ലെ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. WCD/E2(1)/9923/19

**ഉത്തരവ്**

പരാമർശം (1) പ്രകാരം വിവിധ വകുപ്പുകളിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി പെൻഷൻ അനുവദിക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ (Pension Sanctioning Authority) പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി പട്ടികയിൽ എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് കാണുന്ന പക്ഷം ആയത് അതത് വകുപ്പ തലവൻമാർ ധനകാര്യ വകുപ്പിനെ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ കത്തിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ സുഗമമായ തീർപ്പാക്കലിനായി കത്തിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ സ്വീകർത്തിത അധികാരി (RA), പെൻഷൻ അനുവദിക്കുന്ന അധികാരി (PSA) എന്നിങ്ങനെ ചുമതലപ്പെടുത്തി ഉത്തരവ് നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി ചുവടെ ചേർക്കുന്ന രീതിയിൽ വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ

സ്വീകർത്തിത അധികാരി (RA), പെൻഷൻ അനുവദിക്കുന്ന അധികാരി (PSA) എന്നിങ്ങനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ

**RA: അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**PSA: ഡയറക്ടർ**

2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഗസറ്റഡ്, നോൺ ഗസറ്റഡ് ജീവനക്കാർ, ജില്ലാവനിതശിശു വികസന ഓഫീസർമാർ

**RA: അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**PSA: അഡീഷണൽ ഡയറക്ടർ**

3. വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിലെ 258 ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസുകൾ, 14 ജില്ലാവനിതശിശു വികസന ഓഫീസുകൾ, 14 പ്രോഗ്രാം ഓഫീസുകൾ, 14 വിമൺ പ്രൊട്ടക്ഷൻ ഓഫീസുകൾ, 40 ക്ഷേമ സ്ഥാപനങ്ങൾ

ഗസറ്റഡ് വിഭാഗം ജീവനക്കാർ

**RA: അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**PSA: അഡീഷണൽ ഡയറക്ടർ**

നോൺ ഗസറ്റഡ് ജീവനക്കാർ

**RA: ജില്ലാ വനിതശിശുവികസന ഓഫീസർ**

**PSA: അഡീഷണൽ ഡയറക്ടർ**

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**അനിൽകുമാർ.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :- 1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), തിരുവനന്തപുരം.
3. ഡയറക്ടർ, വനിതശിശുവികസന വകുപ്പ്, തിരുവനന്തപുരം.
4. സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ (പ്രിസം), ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം.
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**